LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ വകുപ്പിൽ എൽ. ഡി. ക്ളർക്കുമാരുടെ ഒഴിവുകൾ

199 [2692] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ എൽ.ഡി. ക്ളർക്കുമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ അവ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി) പുനർവിന്യാസ നടപടികൾ പൂർത്തിയായാൽ മാത്രമേ ഒഴിവുകൾ നിർണ്ണയിക്കാൻ കഴിയൂ.

(സി) എൽ. ഡി. ക്ളാർക്കുമാർ അധികമാണെന്ന് കണക്കാക്കിയിരിക്കുകയാണ്. പ്രസ്തുത ക്ളാർക്കുമാരുടെ പുനർവിന്യാസ നടപടികൾ പൂർത്തിയായാൽ മാത്രമേ ഒഴിവുകൾ കൃത്യമായി കണക്കാക്കാൻ കഴിയൂ.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ

200 [2693] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര ഓഫീസുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിലെ കല്ലിക്കണ്ടി സബ് രജിസ്ട്രാർ ഓഫീസ് വാടക നൽകാതെ സഹകാര്യ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കല്ലിക്കണ്ടി രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന് വാടക നൽകാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഓഫീസിന് കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 146.

(ബി) 6 ഓഫീസുകൾ.

(സി) ഉണ്ട്.

(ഡി) ഓഫീസിന്, പി.ഡബ്ളിയു.ഡി. നിരക്കിലുള്ള വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കെട്ടിടം പണിയുവാൻ സ്വന്തമായി ഭൂമിയോ ബഡ്ജറ്റ് വിഹിതമോ ഇല്ല.

ഗ്രാമീണ റോഡുകളുടെ പണി

201 [2694] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് എത്ര കി.മീ. ഗ്രാമീണ റോഡുകളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര കി.മീ. റോഡിന്റെ പണി പൂർത്തീകരിച്ചു;

(സി) ഗ്രാമീണ റോഡുകളുടെ വികസനത്തിനായി എന്ത് തുക വീതം കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലായി നീക്കിവച്ചിരിക്കുന്നു; ഇതിൽ ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമ വികസനവകുപ്പു മുഖാന്തിരം സംസ്ഥാനത്ത് നടപ്പാക്കുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണ പദ്ധതിയിൽ പ്രധാനപ്പെട്ടവ പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജനയും (പി.എം.ജി.എസ്സ്.വൈ.), സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജനയും (എസ്.ജി.ആർ.വൈ.) ആണ്. പി.എം.ജി.എസ്സ്.വൈ. പദ്ധതിയനുസരിച്ച് 2000-2001 വർഷം 106.61 കി.മീ.റോഡും, 2001-2002-ൽ 287.976 കി.മീ. റോഡും, 2003-2004 വർഷം 99.065 കി. മീ. റോഡുകളുടെ നിർമ്മാണവുമാണ് ഏറ്റെടുത്തിട്ടുള്ളത്. എസ്. ജി. ആർ. വൈ. പദ്ധതി അനുസരിച്ച് ത്രിതല പഞ്ചായത്തുകൾ മുഖാന്തിരം നടപ്പാക്കുന്ന റോഡുകളുടെ വിശദ വിവരം ശേഖരിച്ചുവരുന്നു. ഇതിനു പുറമേ ഗ്രാമ പഞ്ചായത്തുകൾ മുഖാന്തിരം നടപ്പാക്കിയ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 2003-2004 വരെ നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമ സടക് യോജനപ്രകാരം ഏറ്റെടുത്ത റോഡുകളിൽ, ഇതുവരെ 225.424 കി.മീ. റോഡ് നിർമ്മിച്ചിട്ടുണ്ട്. എസ്.ജി.ആർ. വൈ.-യിൽ പൂർത്തിയാക്കിയ റോഡുകളുടെ വിവരം ശേഖരിച്ചുവരുന്നു. വില്ലേജ് റോഡ് മെയിന്റനൻസ് സ്കീം പ്രകാരം 2001-2002-ൽ 110.271 കി.മീ. പുനരുദ്ധരിച്ചിട്ടുണ്ട്. 2002-2003, 2003-2004 വർഷങ്ങളിലെ വിവരം ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) ഗ്രാമീണ മെയിന്റനൻസ് സ്കീം പ്രകാരം 2001-2002 വർഷം 243 ലക്ഷം രൂപയും 2002-2003 വർഷം 275 ലക്ഷം രൂപയും 2003-2004 വർഷം 289 ലക്ഷം രൂപയും കഴിഞ്ഞ മൂന്ന് വാർഷിക ബഡ്ജറ്റുകളിലായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2001-2002 വർഷം 227.30 ലക്ഷം രൂപ ചെലവഴിച്ചു. 2002-2003, 2003-2004 വർഷങ്ങളിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly